(ii) പ്രചോദനവും ഉറവിടവും

പ്രപഞ്ച സൃഷ്ടിപ്പിലെ താളപ്പൊരുത്തത്തെ സംബന്ധിച്ച ഖുർആനിന്റെ വിവരണങ്ങളും ''അല്ലാഹു സുന്ദരനാണ്; അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു'' എന്നു തുടങ്ങിയ നബി വചനങ്ങളുമാണ് ഇസ്ലാമിക കലയുടെ പ്രചോദനം എന്നു മതചിന്തകർ ചൂണ്ടിക്കാണിക്കുന്നു. സൗന്ദര്യത്തോടുള്ള മനുഷ്യന്റെ പ്രതിപത്തിയാണ് കലാ പ്രവർത്തനങ്ങളുടെ പ്രേരണ. മതവിശ്വാസങ്ങളോടുള്ള പ്രതിബദ്ധത കലാപ്രവർത്തനത്തെ നിയന്ത്രിക്കുമ്പോൾ മതാത്മകമായ കല ഉടലെടുക്കുന്നു. കലാകാരനായ മുസ്ലിമിനു ഇസ്ലാമിക വിശ്വാസം പ്രചോദനമരുളുമ്പോഴുണ്ടാവുന്ന സൗന്ദര്യാവിഷ്കാരങ്ങളിൽ ആ വിശ്വാസം തന്നെ പ്രതിഫലിക്കുന്നു. പ്രപഞ്ചം അല്ലാഹുവിന്റെ സൃഷ്ടിയാണ് എന്നംഗീകരിക്കുന്നതാണ് ഇസ്ലാമിന്റെ സൗന്ദര്യ സങ്കല്പം. പ്രപഞ്ചം സുന്ദരമാണ് എന്നും ഇസ്ലാം പഠിപ്പിക്കുന്നു. ഈ സൗന്ദര്യത്തെ തന്റേതായ രീതിയിൽ അനുകരിക്കുകയാണ് കലാകാരൻ. അരിസ്റ്റോട്ടൽ മുതലിങ്ങോട്ടുള്ള കലാചിന്തകരെല്ലാം കലയിലെ അനുകരണം എന്ന ഘടകത്തെക്കുറിച്ചു പ്രസ്താവിച്ചവരാണ്. കലാകാരനെ 'സ്രഷ്ടാവെ'ന്നു വിളിക്കുന്ന ക്ലാസിക്കൽ ചിന്തകർ ദൈവത്തിന്റെ സർഗവൈഭവത്തെ അനുകരിക്കാനുള്ള ശ്രമമാണ് കലാകാരൻ നടത്തുന്നതെന്നു പറയുന്നു. ഇസ്ലാമിക കലാകാരനെ സംബന്ധിച്ചിടത്തോളം കലയെ സംബന്ധിച്ച ഈ തത്ത്വം സവിശേഷം പ്രസക്തമാവുന്നു. ഇസ്ലാമിക കല മനുഷ്യ ഹൃദയത്തെ അല്ലാഹുവിലേക്ക് കൂടുതൽ അടുപ്പിക്കുകയാണ് ചെയ്യുന്നത്. സ്രഷ്ടാവുമായി അത് കലഹിക്കുന്നില്ല. പ്രതിമാ നിർമാണം പോലുള്ള കലാപ്രവർത്തനങ്ങളെ ഇസ്ലാം നിരാകരിക്കുന്നത് ദൈവത്തിന്റെ ഏകത്വം എന്ന അടിസ്ഥാന തത്ത്വവുമായി അത് കലഹിക്കുന്നു എന്നതുകൊണ്ടാണ്.

പ്രപഞ്ചത്തിന്റെ അനന്ത നിഗൂഢതകളിലേക്കുള്ള അന്വേഷണമായും ഇസ്ലാമിക കല ഉരുത്തിരിഞ്ഞിട്ടുണ്ടെന്ന് ഇസ്ലാമിക കലാ ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. സൗന്ദര്യാവിഷ്കാരം എന്നതുപോലെ സൗന്ദര്യാന്വേഷണവുമായിരുന്നു ഇസ്ലാമിക കല. ഭക്തന്നു പ്രാർഥനയെന്നപോലെ കലാകാരന്ന് കലയും പവിത്രമായ ഒരാത്മീയാന്വേഷണത്തിന്റെ മാർഗം തുറന്നിട്ടു.

ഇസ്ലാമിക കലയുടെ ഉറവിടം ഇസ്ലാമിന്റെ ആധ്യാത്മികതയാണെന്നു തറപ്പിച്ചു പറയുന്നു സയ്യിദ് ഹുസൈൻ നസ്ർ: **"It is within the inner dimension of the Islamic tradition that one must seek the origin of islamic art and the power which has created and sustained it over the ages while making possible the blinding unity and inebriating interiority which this art possesses''.** (ഇസ്ലാമിക പാരമ്പര്യത്തിന്റെ ആന്തരിക മാനത്തിലും, പ്രസ്തുത കലയ്ക്കു ജന്മം നല്കുകയും കാലങ്ങളിലൂടെ അതിനെ നിലനിർത്തുകയും അതിന് കണ്ണഞ്ചിപ്പിക്കുന്ന ഏകത്വവും മദിപ്പിക്കുന്ന ആന്തരപരതയും സുസാധ്യമാക്കുകയും ചെയ്ത ശക്തിവിശേഷത്തിലുമാണ് ഇസ്ലാമിക കലയുടെ പ്രഭവം അന്വേഷിക്കേണ്ടത്.) ഖുർആന്റെ ആന്തരിക യാഥാർഥ്യങ്ങളും (ഹഖാഇഖ്) പ്രവാചകന്റെ അനുഗ്രഹ(ബറകഃ) പ്രസരവുമാണ് ഇസ്ലാമിക കലയിൽ തെളിയുന്നതെന്നും നസ്ർ പറയുന്നു.

ഇസ്ലാമിക കലയെന്നല്ല ഏതൊരു പവിത്ര കല(**Sacred Art**)യും നമ്മെ നയിക്കുക മാനുഷ്യകത്തിന്റെ ആത്മീയമായ അടിവേരുകളിലേക്കാണെന്ന് ബർക്കാർഡ്റ്റ് എഴുതിയിട്ടുണ്ട്. ഇതര ഇസ്ലാമിക വിജ്ഞാനീയങ്ങളോ(ഉദാ. ഫിഖ്ഹ്)ടെന്നതിനെക്കാളേറെ ഇസ്ലാമിക ആധ്യാത്മികതയോടാണ് ഇസ്ലാമിക കല ബന്ധപ്പെട്ടിരിക്കുന്നതെന്ന നസ്റിന്റെ നിരീക്ഷണത്തെ ഈ പ്രസ്താവം സാധൂകരിക്കുന്നു.